# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് ഇരുപത്തിനാല്

## മനുഷ്യരുടെമേലുള്ള ന്യായവിധി—അഞ്ചാമത്തെ കാഹളം

Tue ഈ ദൂതിലുള്ള എന്റെ ഭാരം മഹോപദ്രവത്തെ സംബന്ധിച്ചാണ്. വെളിപ്പാട് 8:13 പറയുന്നു, "ഒരു കഴുകൻ മധ്യാകാശത്തിൽ പറന്നുകൊണ്ട്, കാഹളം ഊതുവാൻ പോകുന്ന മൂന്നു ദൂതന്മാരുടെ ശേഷിക്കുന്ന കാഹളനാദങ്ങൾ നിമിത്തം ഭൂമിയിൽ വസിക്കുന്നവർക്ക് കഷ്ടം, കഷ്ടം, കഷ്ടം! എന്ന് ഉച്ചത്തിൽ പറയുന്നത് ഞാൻ കാണുകയും കേൾക്കുകയും ചെയ്തു." അവസാനത്തെ മൂന്നു കാഹളങ്ങളുടെ മൂന്നു കഷ്ടങ്ങൾ (9:12; 11:14) മഹോപദ്രവത്തിലെ കഷ്ടങ്ങൾ ആയിരിക്കും (മത്താ. 24:21). നാം കാണുവാൻ പോകുന്നതുപോലെ അവ മൂന്നര വർഷത്തിന്റെ (ദാനി. 7:25; 12:7; വെളി. 12:14), നാല്പത്തിരണ്ടു മാസങ്ങളുടെ (വെളി. 11:2; 13:5), അഥവാ ആയിരത്തിരുന്നൂറ്ററുപതു ദിവസങ്ങളുടെ (വെളി. 11:3; 12:6) കാലമായ എഴുപതാമത്തെ ആഴ്ചവട്ടത്തിന്റെ അവസാന പകുതിയിൽ സംഭവിക്കും (ദാനി. 9:27).

## I. മഹോപദ്രവത്തിന്റെ ആരംഭം

മഹോപദ്രവം ഏഴു വർഷം നീളുമെന്ന് അനേകം ക്രിസ്ത്യാനികൾ ചിന്തിക്കുന്നു. അശ്രദ്ധവും പരമ്പരാഗതവുമായ രീതിയിൽ അവർ വേദപുസ്തകത്തെ മനസ്സിലാക്കുന്നതുകൊണ്ട് ചിലർ ഇത\ വിശ്വസിക്കുന്നു. എന്നാൽ വേദപുസ്തകത്തിലെ വചനം വളരെ കൃത്യമാണ്; നാം അതിനെ പ്രകാശിപ്പിക്കപ്പെടുന്ന രീതിയിൽ മനസ്സിലാക്കണം. വേദപുസ്തകത്തിലെ ഒരു വചനവും പാഴായതല്ല; ഓരോ വചനവും അർഥവത്തും കൃത്യവും ആണ്.

ഇനി നമുക്ക് ദാനിയേൽ 9:24-27 നോക്കാം. വാക്യം 24 പറയുന്നു, "അതിക്രമത്തെ തടസ്സം ചെയ്തു പാപങ്ങളെ മുദ്രയിടുവാനും അകൃത്യത്തിനു പ്രായശ്ചിത്തം ചെയ്തു നിത്യനീതി വരുത്തുവാനും ദർശനവും പ്രവചനവും മുദ്രയിടുവാനും അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുവാനും തക്കവണ്ണം

നിന്റെ ജനത്തിനും വിശുദ്ധനഗരത്തിനും എഴുപത് ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു." ഇവിടെ പറഞ്ഞിരിക്കുന്ന ജനം ദാനിയേലിന്റെ ജനവും, വിശുദ്ധനഗരം പരാമർശിക്കുന്നത് യെരൂശലേമിനെയും ആണ്. വേദപുസ്തകമനുസരിച്ച്, ഇവിടത്തെ ഒരു ആഴ്ചവട്ടം ഏഴു ദിവസങ്ങളല്ല, ഏഴു വർഷങ്ങളാണ്. ഏഴുപത് ആഴ്ചവട്ടം ഏഴു ദിവസങ്ങളുടെ എഴുപതു കാലഘട്ടങ്ങളാണെന്ന് നിങ്ങൾ പറയുന്നുവെങ്കിൽ, ഈ ഭാഗത്തിന്റെ ശരിയായ വ്യാഖ്യാനം നിങ്ങൾക്ക് ഒരിക്കലും ഉണ്ടായിരിക്കുകയില്ല.

വാക്യം 25 പറയുന്നു, "അതുകൊണ്ട് നീ അറിഞ്ഞു ഗ്രഹിച്ചുകൊള്ളേണ്ടതെന്തെന്നാൽ: യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതുമുതൽ അഭിഷിക്തനായോരു പ്രഭുവരെ ഏഴ് ആഴ്ചവട്ടം; അറുപത്തിരണ്ട് ആഴ്ചവട്ടംകൊണ്ട് അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽത്തന്നെ വീണ്ടും പണിയും." ഇവിടെ "ഏഴ് ആഴ്ചവട്ടത്തെയും" പിന്നീട് "അറുപത്തിരണ്ട് ആഴ്ചവട്ടത്തെയും" നാം കാണുന്നു. വാക്യം 26 തുടർന്നു പറയുന്നു, "അറുപത്തിരണ്ട് ആഴ്ചവട്ടം കഴിഞ്ഞിട്ട് അഭിഷിക്തൻ ഛേദിക്കപ്പെടും; അവന് ആരും ഇല്ലെന്നു വരും; പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും; അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും; അവസാനത്തോളം യുദ്ധമുണ്ടാകും; ശൂന്യങ്ങളും നിർണയിക്കപ്പെട്ടിരിക്കുന്നു." അഭിഷിക്തൻ "ഛേദിക്കപ്പെടും" എന്ന പരാമർശം ക്രിസ്തു ക്രൂശിൽ തറയ്ക്കപ്പെടുന്നതിലേക്ക് വിരൽചൂണ്ടുന്നു. നഗരത്തിന്റെയും വിശുദ്ധമന്ദിരത്തിന്റെയും നാശം A.D. 70-ൽ തീത്തൊസിൻകീഴിൽ ഉണ്ടായ ആലയത്തിന്റെയും യെരൂശലേംനഗരത്തിന്റെയും നാശത്തെക്കുറിച്ച് പരാമർശിക്കുന്നു.

"അവൻ ഒരു ആഴ്ചവട്ടത്തേക്ക് പലരോടും നിയമത്തെ കഠിനമാക്കും; ആഴ്ചവട്ടത്തിന്റെ മധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും; മ്ലേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും; നിർണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെമേൽ കോപം ചൊരിയും" എന്നു പറഞ്ഞുകൊണ്ട് വാക്യം 27 അവസാനിപ്പിക്കുന്നു. പ്രഭു ഒരു ആഴ്ചവട്ടത്തേക്ക് നിയമത്തെ ഉറപ്പിക്കുകയും ആഴ്ചവട്ടത്തിന്റെ മധ്യത്തിൽ, അതായത്, മൂന്നര വർഷത്തിനുശേഷം, അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കുകയും ചെയ്യുമെന്ന് ഇവിടെ നാം കാണുന്നു. ഇതിന്റെ അർഥം അവൻ ദൈവാരാധന നിർത്തലാക്കും എന്നാണ്.

ഈ എഴുപത് ആഴ്ചവട്ടങ്ങൾ യെരൂശലേമിന്റെ മതിൽ പുനർനിർമാണംചെയ്യുന്നതിനുള്ള കല്പന പുറപ്പെടുവിച്ചവനായ അർത്ഥഹ്ശഷ്ടാരാജാവിന്റെ ഇരുപതാം ആണ്ടുമുതൽ തുടങ്ങുന്ന

നാനൂറ്റി തൊണ്ണൂറു വർഷം അടങ്ങുന്നതാണ് (നെഹെ. 1:1; 2:1). ആദ്യത്തെ ഏഴ് ആഴ്ചവട്ടം, അഥവാ നാല്പത്തൊമ്പതു വർഷം, യെരൂശലേമിന്റെ വീഥിയുടെയും മതിലിന്റെയും പുനർനിർമ്മാണം പൂർത്തിയാക്കുന്നതിനു വേണ്ടിയായിരുന്നു. അപ്പോൾമുതൽ ക്രിസ്തു "ഛേദിക്കപ്പെടുന്നതു" വരെ അറുപത്തിരണ്ട് ആഴ്ചവട്ടം, അഥവാ നാനൂറ്റിമുപ്പത്തിനാല് വർഷമായിരുന്നു. അറുപത്തൊമ്പതാം ആഴ്ചവട്ടത്തിന്റെ അവസാനം മുതൽ നിറുത്തിവച്ചതായ ഒരു നീണ്ടകാലം ഉണ്ടായിരുന്നു. ഒടുവിൽ, അവസാന ആഴ്ചവട്ടത്തിന്റെ സമയം, അഥവാ അവസാനത്തെ ഏഴു വർഷം വരും. ഇതാണ് മഹോപദ്രവം ഏഴു വർഷമായിരിക്കും എന്ന ചിന്തയുടെ ഉറവിടം.

നാം കാണാൻപോകുന്നതുപോലെ ഈ ധാരണ കൃത്യമല്ല. അവസാനത്തെ ഏഴു വർഷം, അഥവാ അവസാനത്തെ ആഴ്ചവട്ടം, യെഹൂദജനവുമായി എതിർക്രിസ്തു ഉടമ്പടി ഉണ്ടാക്കുന്ന സമയമായിരിക്കും. ഈ ഏഴു വർഷങ്ങളുടെ ആദ്യത്തെ പകുതിയിൽ എതിർക്രിസ്തു യെഹൂദന്മാരോട് സൗഹാർദ്ദത്തിലായിരിക്കും. എന്നാൽ മൂന്നര വർഷങ്ങൾക്കുശേഷം അവൻ തന്റെ മനസ്സു മാറ്റും. യാഗങ്ങൾ അർപ്പിച്ചുകൊണ്ട് ആലയത്തിൽ ദൈവത്തെ ആരാധിക്കുവാൻ യെഹൂദന്മാർക്കു കഴിയുമാറ് ആദ്യം ഉടമ്പടി ചെയ്യുവെങ്കിലും, അവൻ തന്റെ മനസ്സു മാറ്റുകയും, അവനെത്തന്നെ ദൈവമായി സ്ഥാപിക്കുകയും, ആലയത്തിൽ അവന്റെതന്നെ ഒരു പ്രതിമ ഉയർത്തുകയും, അവനെയും അവന്റെ പ്രതിമയെയും ആരാധിക്കുവാൻ ജനത്തെ നിർബന്ധിക്കുകയും ചെയ്യും. പിന്നീട് യെഹൂദന്മാരോട് അവൻ മോശമായി പെരുമാറുവാൻ തുടങ്ങും. അങ്ങനെ, ഏഴു വർഷത്തിന്റെ ആദ്യത്തെ പകുതി ഉപദ്രവത്തിന്റെ സമയമായിരിക്കുകയില്ല, കാരണം ആ സമയം എതിർക്രിസ്തു യെഹൂദന്മാരോട് സൗഹാർദ്ദത്തിലായിരിക്കും. ദാനിയേൽ 9:27 പ്രകാരം, "ആഴ്ചവട്ടത്തിന്റെ മധ്യത്തിൽ" ദൈവത്തെ ആരാധിക്കുന്നതും ദൈവത്തിനു യാഗങ്ങൾ അർപ്പിക്കുന്നതും നിർത്തുവാൻ യെഹൂദന്മാരോടു കല്പിച്ചുകൊണ്ട് എതിർക്രിസ്തു "ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും." എതിർക്രിസ്തു വിശുദ്ധസ്ഥലത്തിൽ ശൂന്യതയുടെ മ്ലേച്ഛതയെ ഉയർത്തും. വെളിപ്പാട് പുസ്തകമനുസരിച്ച്, ശൂന്യതയുടെ മ്ലേച്ഛത എന്നത് ആലയത്തിൽ ഒരു ബിംബമായി ഉയർത്തുന്ന എതിർക്രിസ്തുവിന്റെ പ്രതിമയായിരിക്കും.

ഇനി നമുക്ക് മഹോപദ്രവം എന്ന വിഷയത്തെക്കുറിച്ചു പറയുന്ന മത്തായി 24-ലേക്കു തിരിയാം. വാക്യം 15-ൽ കർത്താവായ യേശു പറഞ്ഞു, "അതുകൊണ്ട് നിങ്ങൾ ദാനീയേൽ പ്രവാചകനിലൂടെ അരുളിച്ചെയ്തതായ ശൂന്യതയുടെ മ്ലേച്ഛത വിശുദ്ധസ്ഥലത്തു നിൽക്കുന്നതു കാണുമ്പോൾ."

എപ്പോഴായിരിക്കും ഇത്? ഇത് ഏഴു വർഷങ്ങളുടെ ആരംഭത്തിലായിരിക്കുകയില്ല, എതിർക്രിസ്തു ദൈവാരാധന നിർത്തലാക്കുകയും, അവനെത്തന്നെ ദൈവമാക്കുകയും, ദൈവത്തിന്റെ ദൃഷ്ടിയിൽ മ്ലേച്ഛതയായ തന്റെ പ്രതിമ ആലയത്തിൽ ഉയർത്തുകയും ചെയ്യുന്ന സമയമായ ഏഴു വർഷങ്ങളുടെ മധ്യത്തിലായിരിക്കും. "ആ സമയത്ത്, ലോകാരംഭം മുതൽ ഇന്നുവരെ സംഭവിച്ചിട്ടില്ലാത്തതും, ഒരുവിധത്തിലും ഇനിമേൽ സംഭവിക്കാത്തതുമായ, ഒരു മഹോപദ്രവം ഉണ്ടാകും" എന്ന് പിന്നീട് വാക്യം 21-ൽ കർത്താവു മുൻകൂട്ടിപറഞ്ഞു. ഇതിനാൽ അവസാനത്തെ ഏഴു വർഷങ്ങളുടെ മധ്യത്തിൽ ആരംഭിക്കുന്ന മഹോപദ്രവം മൂന്നര വർഷം മാത്രം നീണ്ടതായിരിക്കും എന്നു നാം കാണുന്നു. അത് ഏഴു വർഷമായിരിക്കുമെന്ന പരമ്പരാഗതമായ പഠിപ്പിക്കൽ കൃത്യമല്ലാത്തതാണ്, അതിനെ നാം പിൻതുടരുവാൻ പാടില്ല. അത് പ്രവചനപഠനത്തിനുള്ള ശരിയായ വിശദാംശങ്ങൾ നല്കുന്നില്ല. ഏഴു വർഷത്തെക്കുറിച്ചു പറയുന്ന പരമ്പരാഗത ഉപദേശങ്ങളെ പിടിക്കുന്നവർ, ഏഴു വർഷങ്ങളുടെ മധ്യത്തിലാണ് എതിർക്രിസ്തു തന്റെ മനസ്സു മാറ്റുന്നതെന്നതും, അത് അവസാനത്തെ ആഴ്ചവട്ടത്തിന്റെ രണ്ടാം പകുതിയായ മൂന്നരവർഷം നില്ക്കുന്ന മഹോപദ്രവത്തെ കൊണ്ടുവരുന്നു എന്നതും അവഗണിക്കുന്നു.

വെളിപ്പാട് 12-ൽ നിന്നുള്ള ചില വാക്യങ്ങളും നാം നോക്കേണ്ടതാവശ്യമാണ്. വാക്യം 5-ഉം 6-ഉം പറയുന്നു, "അവൾ സകല രാഷ്ട്രങ്ങളെയും ഇരുമ്പുകോൽ കൊണ്ട് മേയ്ക്കുവാനുള്ള ഒരു പുത്രനെ, ഒരു ആൺകുട്ടിയെ പ്രസവിച്ചു; അവളുടെ കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിന്റെ അടുക്കലേക്കും എടുക്കപ്പെട്ടു. സ്ത്രീ മരുഭൂമിയിലേക്ക് ഓടിപ്പോയി, അവർ ആയിരത്തിരുന്നൂറ്ററുപതു ദിവസം അവളെ പോഷിപ്പിക്കേണ്ടതിന്, അവിടെ ദൈവത്താൽ ഒരുക്കപ്പെട്ട ഒരു സ്ഥലം അവൾക്കുണ്ട്." ആയിരത്തിരുന്നൂറ്ററുപതു ദിവസം മൂന്നര വർഷത്തിനു സമമാണ്. ആൺകുട്ടി എടുക്കപ്പെട്ടതിനുശേഷം, ഏഴുപതാമത്തെ ആഴ്ചവട്ടത്തിന്റെ അവസാനത്തെ പകുതിയായ മൂന്നര വർഷത്തിന്റെ സമയം ഉണ്ടായിരിക്കും. ആ സമയമാണ് എതിർക്രിസ്തുവിന്റെ പ്രതിമ ആലയത്തിൽ സ്ഥാപിക്കുന്നത്. സ്വർഗത്തിൽ യുദ്ധം ഉണ്ടായിരിക്കുമെന്നും, വ്യാളിയും അവന്റെ ദൂതന്മാരും സ്വർഗത്തിൽനിന്നു ഭൂമിയിലേക്കു എറിയപ്പെടുമെന്നും, ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ വ്യാളി ഉപദ്രവിക്കുമെന്നും പിന്നീട് 7 മുതൽ 13 വരെയുള്ള വാക്യങ്ങളിൽ വെളിപ്പെടുത്തുന്നു. വാക്യം 14 പറയുന്നു, "സ്ത്രീയ്ക്കു മരുഭൂമിയിൽ അവളുടെ സ്ഥലത്തേക്കു പറന്നുപോകേണ്ടതിനു വലിയ കഴുകന്റെ രണ്ടു ചിറകുകൾ ലഭിച്ചു, അവിടെ അവളെ സർപ്പത്തിന്റെ മുഖത്തുനിന്ന് കാലവും കാലങ്ങളും അരക്കാലവും പോഷിപ്പിക്കുന്നു." കാലവും

കാലങ്ങളും, അരക്കാലവും അവസാനത്തെ മൂന്നര വർഷത്തെ പരാമർശിക്കുന്നു. ഏഴു വർഷങ്ങളുടെ അവസാനത്തെ പകുതിയുടെ ആരംഭത്തിൽ സാത്താൻ സ്വർഗത്തുനിന്നു ഭൂമിയിലേക്കു എറിയപ്പെടും എന്ന് വചനത്തിന്റെ ഈ ഭാഗത്തു നാം കാണുന്നു. കൃത്യമായി പറഞ്ഞാൽ ഇതും, മഹോപദ്രവം ഏഴു വർഷമല്ല, മൂന്നര വർഷമായിരിക്കും എന്ന് തെളിയിക്കുന്നു.

ഇതിന്റെ മറ്റൊരു തെളിവ് വെളിപ്പാട് 11:2-ൽ ആണ്. അവിടെ പറയുന്നു, "ആലയത്തിനു പുറത്തുള്ള പ്രാകാരത്തെ തള്ളിക്കളയുക, അതിനെ അളക്കരുത്, എന്തുകൊണ്ടെന്നാൽ അതു ജാതികൾക്ക് കൊടുത്തിരിക്കുന്നു, അവർ നാൽപത്തിരണ്ടു മാസം വിശുദ്ധനഗരത്തെ ചവിട്ടിമെതിക്കും." യെരൂശലേം നഗരം നാല്പത്തിരണ്ടു മാസം ജാതികളാൽ ചവിട്ടിമെതിക്കപ്പെടുമെന്ന് ഈ വാക്യത്തിൽ നമ്മോടു പറഞ്ഞിരിക്കുന്നു. വിശുദ്ധനഗരത്തെ ചവിട്ടിമെതിക്കുന്ന ജാതികൾ എതിർക്രിസ്തുവും അവന്റെ സൈന്യങ്ങളും ആയിരിക്കും. ഇത് ദാനിയേൽ 9-ലെ പ്രവചനത്തോട് ഒക്കുന്നു: അവിടെ എതിർക്രിസ്തു ഉടമ്പടി തെറ്റിക്കുകയും, അവനെത്തന്നെ ദൈവമായി സ്ഥാപിക്കുകയും അവനെ ആരാധിക്കുവാൻ ജനത്തോടു കല്പിക്കുകയും ചെയ്യുന്നു. അതുതന്നെയായിരിക്കും അവൻ വിശുദ്ധനഗരത്തെ ചവിട്ടിമെതിക്കുന്ന സമയം. ഇത് മഹോപദ്രവത്തിന്റെ സമയത്തായിരിക്കും. അതുകൊണ്ട്, മഹോപദ്രവം സാത്താൻ ആകാശത്തുനിന്നു ഭൂമിയിലേക്കു എറിയപ്പെടുന്ന അവസാനത്തെ മൂന്നരവർഷത്തിന്റെ ആരംഭത്തിൽ തുടങ്ങും. നാം കണ്ടതുപോലെ, പന്ത്രണ്ടാം അധ്യായത്തിൽ ഇത് വ്യക്തമായി പറഞ്ഞിരിക്കുന്നു.

## II. സാത്താൻ ആകാശത്തുനിന്ന് ഭൂമിയിൽ വീണുകിടക്കുന്നു

ഈ ഒരു പശ്ചാത്തലത്തോടുകൂടെ നാം ഇനി അഞ്ചാം കാഹളത്തിലേക്കു വരുന്നു. വെളിപ്പാട് 9:1 പറയുന്നു, "അഞ്ചാമത്തെ ദൂതൻ കാഹളം ഊതി, ആകാശത്തുനിന്ന് ഒരു നക്ഷത്രം ഭൂമിയിൽ വീണുകിടക്കുന്നതു ഞാൻ കണ്ടു, അവന് അഗാധകൂപത്തിന്റെ താക്കോൽ നൽകി." ഇവിടെ നക്ഷത്രം, ആകാശത്തുനിന്നു ഭൂമിയിലേക്കു എറിയപ്പെടുന്ന സാത്താനെ പരാമർശിക്കുന്നു. ദൂതന്മാരെ നക്ഷത്രങ്ങളോട് ഉപമിച്ചിരിക്കുന്നു (ഇയ്യോ. 38:7; വെളി. 12:4). പ്രധാനദൂതനെന്ന നിലയിൽ സാത്താൻ ഉദയനക്ഷത്രമായിരുന്നു (യെശ. 14:12). ലൂക്കൊസ് 10:18-ൽ അവന്റെമേലുള്ള ന്യായവിധിയെ നാം കാണുന്നു. ഇവിടെയും 12:9-10-ലും ആ ന്യായവിധിയുടെ നടപ്പാക്കൽ നാം കാണുന്നു. അഗാധം ഭൂതങ്ങളുടെ വാസസ്ഥമാണ് (KJV-യിൽ ലൂക്കൊസ് 8:31 *ആഴം* എന്ന് വിവർത്തനം ചെയ്തിരിക്കുന്നു).

എപ്പോഴായിരിക്കും സാത്താൻ ആകാശത്തുനിന്നു ഭൂമിയിലേക്ക് വീഴുന്നത്? ഈ ചോദ്യത്തിനുള്ള ഉത്തരം പന്ത്രണ്ടാം അധ്യായത്തിലുണ്ട്. ആൺകുട്ടി സ്വർഗത്തിലേക്ക് എടുക്കപ്പെട്ടതിനുശേഷം അവൻ സാത്താനുമായി യുദ്ധംചെയ്ത്, "സാത്താനേ, ഇപ്പോൾ ഞങ്ങൾ ഇവിടെ ഉള്ളതിനാൽ നിനക്ക് ഇടമില്ല. നീ താഴേക്ക് എറിയപ്പെടണം" എന്ന് അവനോട് പറയുന്നതായി തോന്നുന്നുവെന്ന് ആ അധ്യായം വെളിപ്പെടുത്തുന്നു. ആ അധ്യായമനുസരിച്ച്, അവസാനത്തെ മൂന്നര വർഷത്തിന്റെ ആരംഭത്തിൽ സാത്താൻ ആകാശത്തുനിന്നു വീഴും. മഹോപദ്രവം അതിനുമുമ്പ് തുടങ്ങുകയില്ല എന്നതിന്റെ ശക്തമായ ഒരു തെളിവാണ് ഇതെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്, കാരണം ഇതിനുമുമ്പ്, സാത്താൻ അപ്പോഴും സ്വർഗത്തിലായിരിക്കും.

സാത്താൻ ആകാശത്തുനിന്ന് ഭൂമിയിലേക്ക് വീഴുമ്പോൾ, അഞ്ചു മാസത്തേക്ക് മനുഷ്യനെ ദണ്ഡിപ്പിക്കുവാൻ ഭൂതഗ്രസ്തരായ വെട്ടുക്കിളികളെ തുറന്നുവിടുന്നതിന് അഗാധം തുറക്കുവാൻ അതിന്റെ താക്കോൽ അവനു നല്കപ്പെടും.

## III. വെട്ടുക്കിളികൾ

അഞ്ചാമത്തെ കാഹളം ഊതുമ്പോൾ ഒന്നാം കഷ്ടത്തോടുകൂടെ മഹോപദ്രവം തുടങ്ങുന്നതുകൊണ്ട്, അതിൽ ആറാമത്തെ മുദ്രയോ ആദ്യത്തെ നാലു കാഹളങ്ങളോ ഉൾപ്പെടുന്നില്ല. ആറാമത്തെ മുദ്ര പ്രകൃത്യാതീത ദുരന്തവും, ആദ്യത്തെ നാലു കാഹളങ്ങൾ ഭൂമിയുടെയും, സമുദ്രത്തിന്റെയും, നദികളുടെയും, സ്വർഗീയസൈന്യങ്ങളുടെയുംമേലുള്ള ന്യായവിധിയും ആയിരിക്കും. എന്നാൽ ഈ ന്യായവിധികൾ മഹോപദ്രവത്തിന്റെ ഭാഗമായിരിക്കുകയില്ല. ആദ്യത്തെ നാലു കാഹളങ്ങൾ വളരെ കഠിനമുള്ളതാണെങ്കിലും, അവ മനുഷ്യനെ നേരിട്ട് ഉപദ്രവിക്കുന്നില്ല. അവയെത്തുടർന്ന് മനുഷ്യരെ നേരിട്ട് ദണ്ഡിപ്പിക്കുന്ന മഹോപദ്രവം വരും. അഞ്ചാം കാഹളത്തിനുമുമ്പ് മനുഷ്യനെ നേരിട്ട് സ്പർശിക്കുന്നില്ല: ഭൂമിയും സമുദ്രവും നദികളും സ്വർഗീയസൈന്യങ്ങളും മാത്രമേ നേരിട്ട് നശിപ്പിക്കപ്പെടുന്നുള്ളൂ. ഇതിനെ മഹോപദ്രവം വരുന്നതിനോടുള്ള ഒരു പ്രാരംഭമായി കണക്കാക്കാം. ഭൂമിയെയും സമുദ്രത്തെയും വെള്ളത്തെയും ആകാശത്തെയും ദൈവം ന്യായവിധിക്കുന്നത് മനുഷ്യന് ഒരു മുന്നറിയിപ്പാണ്. അഞ്ചാമത്തെ കാഹളത്തിന്റെ സമയത്ത് മനുഷ്യൻ നേരിട്ട് ദണ്ഡിപ്പിക്കപ്പെടും.

3 മുതൽ 5 വരെയുള്ള വാക്യങ്ങൾ പറയുന്നു, "പുകയിൽനിന്ന് വെട്ടുക്കിളികൾ ഭൂമിയിലേക്കു പുറപ്പെട്ടു, ഭൂമിയിലെ തേളുകൾക്കു ശക്തിയുള്ളതുപോലെ, അവയ്ക്കു ശക്തി നൽകി. നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യർക്കല്ലാതെ, ഭൂമിയിലെ പുല്ലിനോ പച്ചയായ യാതൊന്നിനോ യാതൊരു വൃക്ഷത്തിനോ

ഹാനി വരുത്തരുതെന്ന് അവയോട് പറഞ്ഞിരുന്നു. അവരെ കൊല്ലേണ്ടതിനല്ല, അഞ്ചു മാസം ദണ്ഡിപ്പിക്കേണ്ടതിനത്രേ അവയ്ക്ക് അധികാരം നൽകിയത്; അവയുടെ ദണ്ഡനമോ ഒരു തേൾ മനുഷ്യനെ കുത്തുമ്പോഴുള്ള ദണ്ഡനം പോലെയായിരുന്നു." വെട്ടുക്കിളികൾക്ക് തേളുകൾക്കുള്ളതുപോലെ വാലുകളും വിഷമുള്ളും ഉണ്ടായിരിക്കുകയും അവ മനുഷ്യനെ ഉപദ്രവിക്കുകയും ചെയ്യുന്നതുകൊണ്ട് (വാ. 10), ഇവിടെ പറയുന്ന വെട്ടുക്കിളികൾ പുറപ്പാട് 10:12-15-ൽ ഉള്ളവയെപ്പോലെയല്ല. അവ ഭൂതങ്ങളുടെ വാസസ്ഥലത്തുനിന്നും പുറപ്പെടുന്ന പുകയിൽനിന്നു വരുന്നതുകൊണ്ട് (വാ. 2), അവ ഭൂതഗ്രസ്തമായവയായിരിക്കണം. ആദ്യത്തെ നാലു കാഹളങ്ങളുടെ ബാധകൾ മനുഷ്യന്റെമേൽ നേരിട്ടല്ല; എന്നാൽ അവസാനത്തെ മൂന്നു കാഹളങ്ങളുടെ കഷ്ടങ്ങൾ അങ്ങനെയാണ്. ഭൂതഗ്രസ്തമായ വെട്ടുക്കിളികളാൽ ദ്രോഹിക്കപ്പെടാത്തവർ തങ്ങളുടെ നെറ്റിമേൽ ദൈവത്തിന്റെ മുദ്രയുള്ള യിസ്രായേല്യരായിരിക്കും (7:3-8).

7 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ ഈ വെട്ടുക്കിളികളുടെ സവിശേഷതകളെ നാം കാണുന്നു. വാക്യം 7-ഉം 9-ഉം യിസ്രായേലിനെ സംബന്ധിച്ച് സംസാരിച്ചിരിക്കുന്ന യോവേൽ 2:4-5, 26; 1:6 എന്നീ വാക്യങ്ങളോട് വളരെ സമാനമാണ്. വെട്ടുക്കിളികളുടെ ഉപദ്രവത്തെ ഒഴിഞ്ഞുപോകേണ്ടതിന് യിസ്രായേല്യർ ദൈവത്താൽ മുദ്രയിടപ്പെടേണ്ട ആവശ്യമുണ്ട് എന്ന വസ്തുത പരിഗണിക്കുമ്പോൾ, ഇതു സൂചിപ്പിക്കുന്നത് അഞ്ചാമത്തെ കാഹളത്തിന്റെ കഷ്ടം പ്രധാനമായും യിസ്രായേല്യരുടെ മേലാകുന്നു എന്നാണ്. വാക്യം 7 പറയുന്നു, "വെട്ടുക്കിളികൾ യുദ്ധത്തിനുവേണ്ടി ഒരുങ്ങിയിരിക്കുന്ന കുതിരകളെപ്പോലെയായിരുന്നു, അവയുടെ തലയിൽ പൊന്നിനു സദൃശമായ കിരീടം ഉള്ളതുപോലെ ഉണ്ടായിരുന്നു, അവയുടെ മുഖം മനുഷ്യമുഖം പോലെ ആയിരുന്നു." ഈ വെട്ടുക്കിളികൾ യോവേൽപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന വെട്ടുക്കിളികൾക്കു സമാനമായി, ഒരു സൈന്യം പോലെയാണ്; ദൈവം വെട്ടുക്കിളികളുടെ ഒരു സൈന്യത്തെ അയയ്ക്കുമെന്ന് അവിടെ നമ്മോടു പറഞ്ഞിരിക്കുന്നു. വെളിപ്പാട് 9-ലെ വെട്ടുക്കിളികളെ യോവേലിലെ വെട്ടുക്കിളികളുമായി ഏകീഭവിപ്പിക്കേണ്ടതില്ലെങ്കിലും, അവ ബന്ധപ്പെട്ടിരിക്കുന്നു. വെട്ടുക്കിളികളുടെ സാദൃശ്യം യുദ്ധത്തിനുവേണ്ടി ചമയിച്ച കുതിരകളെപ്പോലെയാണ്; അവയുടെ തലകളിൽ പൊന്നിനു സദൃശമായ കിരീടങ്ങൾ ഉണ്ട്. അവയുടെ മുടി സ്ത്രീകളുടെ മുടിപോലെയും, അവയുടെ പല്ലുകൾ സിംഹങ്ങളുടെ പല്ലുകൾപോലെയും ആണ് (വാ. 8). അവയ്ക്ക് ഇരുമ്പു കവചങ്ങൾ പോലെയുള്ള കവചങ്ങൾ ഉണ്ട്; അവയുടെ "ചിറകുകളുടെ ശബ്ദം യുദ്ധത്തിന് ഇരച്ചുകയറുന്ന അനേകം കുതിരകളുടെ തേരുകളിൻ ശബ്ദം പോലെ" ആണ് (വാ. 9).

"അവയ്ക്കു തേളുകളെ പോലെ വാലും വിഷമുള്ളും ഉണ്ട്" എന്ന് വാക്യം 10 പറയുന്നു. വേദപുസ്തകത്തിൽ, തേളുകൾ സാത്താനെ അനുഗമിക്കുന്ന ദുരാത്മാക്കളായ ഭൂതങ്ങളെ സൂചിപ്പിക്കുന്നു. ലൂക്കൊസ് 10:19-ൽ കർത്താവു പറഞ്ഞു, "ഇതാ, ഞാൻ നിങ്ങൾക്കു പാമ്പുകളുടെയും തേളുകളുടെയും ശത്രുവിന്റെ സകല ശക്തിയിന്മേലും ചവിട്ടുവാൻ അധികാരം നൽകിയിരിക്കുന്നു." ക്രിസ്തുവിലുള്ള വിശ്വാസികളായ നാം സാത്താന്റെ പൈശാചിക സേവകന്മാരായ തേളുകളെ ജയിച്ചിരിക്കുന്നു. "മനുഷ്യരെ അഞ്ചു മാസം ദ്രോഹിക്കുവാനുള്ള അവയുടെ ശക്തി വാലുകളിലാകുന്നു" എന്നും വാക്യം 10 പറയുന്നു. ഒന്നാമത്തെ കഷ്ടം മനുഷ്യനെ നേരിട്ട് നശിപ്പിക്കുമെങ്കിലും, അഞ്ചു മാസത്തേക്കുള്ള ഒരു സമയമായി അപ്പോഴും ദൈവത്താൽ സമയം പരിമിതപ്പെട്ടിരിക്കും. "ആ നാളുകളിൽ മനുഷ്യർ മരണം അന്വേഷിക്കും, ഒരുവിധത്തിലും കണ്ടെത്തുകയില്ല; മരിക്കുവാൻ വാഞ്ഛിക്കും, മരണം അവരിൽനിന്ന് ഓടിപ്പോകും" (വാ. 6) എന്ന നിലയിൽ ഉപദ്രവം അത്രമാത്രം തീവ്രവേദന ഉളവാക്കുന്നതായിരിക്കും. ഈ അഞ്ചു മാസങ്ങളിൽ ഈ ഭയാനകമായ, ഭൂതഗ്രസ്തരായ വെട്ടുക്കിളികളാൽ ദണ്ഡനമേൽക്കുന്നവർ ജീവിക്കുന്നതിനെക്കാൾ മരിക്കുവാൻ ആഗ്രഹിക്കും. തീർച്ചയായും ഭൂകമ്പവും സൂര്യൻ ഇരുണ്ടുപോകുന്നതും ഇതിനോട് താരതമ്യം ചെയ്താൽ ഒന്നുമല്ല. ഇതാണ് 8:13-ൽ മധ്യാകാശത്തിൽനിന്നും കഴുകനാൽ വിളംബരം ചെയ്യപ്പെട്ട മൂന്നു കഷ്ടങ്ങളിൽ ഒന്നാമത്തേത്.

## IV. എതിർക്രിസ്തു

വെട്ടുക്കിളികളെക്കുറിച്ചു സംസാരിച്ചുകൊണ്ട് വാക്യം 11 പറയുന്നു, "അഗാധദൂതൻ അവയ്ക്കുമേൽ രാജാവായുണ്ട്; അവന്റെ പേർ എബ്രായഭാഷയിൽ അബദ്ദോൻ എന്നാകുന്നു; യവനഭാഷയിൽ അവന് അപ്പൊല്ലുവോൻ എന്നും പേരുണ്ട്." അഗാധദൂതൻ അഗാധകൂപത്തിൽനിന്നും വരുന്നവനായ എതിർക്രിസ്തുവെന്ന മൃഗമാണ് (11:7; 17:8). എബ്രായഭാഷയിൽ അഗാധദൂതൻ അബദ്ദോൻ എന്നു വിളിക്കപ്പെടുന്നു, അതിന്റെ അർഥം ഇയ്യോബ് 26:6-ലും, 28:22-ലും, സദൃശവാക്യം 15:11-ലും എന്നപോലെ നാശം എന്നാണ്. യവനഭാഷയിൽ അവന് അപ്പൊല്ലുവോൻ എന്ന പേരുണ്ടായിരിക്കും, അതിന്റെ അർഥം വിനാശകൻ എന്നാണ്. എതിർക്രിസ്തു വളരെയധികം നാശംവരുത്തും (ദാനി. 8:23-25).

എതിർക്രിസ്തു രണ്ടു വ്യക്തികളുടെ സമ്മിശ്രമായതിനാൽ—നീറോകൈസറുടെ ആത്മാവും റോമാസാമ്രാജ്യത്തിന്റെ മറ്റൊരു കൈസറുടെ ശരീരവും—അവൻ ഒരു വിശേഷ വ്യക്തിയാണ്. നീറോ ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതിന്

തുടക്കംകുറിച്ചു: മറ്റൊരു കൈസറുടെ ശരീരത്തിലേക്ക് പ്രവേശിക്കുന്നതിന് സ്വതന്ത്രമാക്കപ്പെടുന്ന ദിവസംവരെ അവന്റെ ആത്മാവിനെ അഗാധത്തിൽ സൂക്ഷിച്ചിരിക്കുന്നു. ഈ ആത്മാവ് പ്രവേശിക്കുന്ന കൈസർ കൊല്ലപ്പെടുകയും നീറോകൈസറുടെ ആത്മാവോടുകൂടെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. ഇതായിരിക്കും എതിർക്രിസ്തു. അപ്പോൾ സാത്താൻ വെട്ടുക്കിളികളെ തുറന്നുവിടുകയും, അവ അവരുടെ രാജാവായ എതിർക്രിസ്തു എന്ന മൃഗത്തിന്റെ ഭരണത്തിൻകീഴിൽ സൈന്യമായി സംഘടിക്കപ്പെടുകയും ചെയ്യും. തങ്ങളുടെ നെറ്റികളിൽ ദൈവത്തിന്റെ അടയാളം ഇല്ലാത്തവരെ അഞ്ചു മാസം ദണ്ഡിപ്പിക്കേണ്ടതിന് വെട്ടുക്കിളികൾ പുറപ്പെട്ടുവരും.

വേദപുസ്തകമനുസരിച്ച്, പ്രപഞ്ചം മൂന്നു ഭാഗങ്ങൾ ചേർന്നതാണ്: സ്വർഗവും, ഭൂമിയും, ഭൂമിക്കു കീഴിലുള്ള മേഖലയും (ഫിലി. 2:10). മഹോപദ്രവത്തിന്റെ ആരംഭത്തിൽ, അതായത്, അവസാനത്തെ ഏഴു വർഷങ്ങളുടെ ആദ്യത്തെ പകുതിക്കുശേഷം, സാത്താൻ ആകാശത്തുനിന്നു ഭൂമിയിലേക്ക് എറിയപ്പെടുകയും, സമാന്തരമായി, പൈശാചികവും ഭൂതഗ്രസ്തരുമായ വെട്ടുക്കിളികളുടെ രാജാവായ എതിർക്രിസ്തു അഗാധത്തിൽനിന്നു തുറന്നുവിടപ്പെടുകയും സാത്താനെ എതിരേൽക്കുവാൻ മുകളിലേക്കു വരുകയും ചെയ്യും. അങ്ങനെ, പൈശാചികമായ ആത്മാവ് പൈശാചികനായ മനുഷ്യനെ സന്ധിക്കും. അവർ രണ്ടു ദിശകളിൽനിന്നു വരുമെങ്കിലും, മുകളിൽനിന്നുള്ള സാത്താനും കീഴിൽനിന്നുള്ള എതിർക്രിസ്തുവിനും ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യവർഗത്തെ ദണ്ഡിപ്പിക്കുക എന്ന ഏകലക്ഷ്യമാകും ഉണ്ടായിരിക്കുക. ഈ രണ്ടു പ്രതിരൂപങ്ങൾ ഒരുമിച്ചു വരുകയും കഴിവിന്റെ പരമാവധി മനുഷ്യവർഗത്തെ ദണ്ഡിപ്പിക്കുന്നതിന് സഹകരിക്കുകയും ചെയ്യും. വെളിപ്പാട് പതിമൂന്നും പതിനേഴും അധ്യായങ്ങളിലേക്കു നാം വരുമ്പോൾ എതിർക്രിസ്തുവിനെക്കുറിച്ച് വിശദമായി നമുക്കു ചിന്തിക്കാം.

നാം കണ്ടതുപോലെ, മഹോപദ്രവം മൂന്നര വർഷം നീണ്ടുനിൽക്കും. ആ സമയത്തിനുമുമ്പ്, ആറാമത്തെ മുദ്രയുടെയും ആദ്യത്തെ നാലു കാഹളങ്ങളുടെയും പ്രകൃത്യാതീതമായ ദുരന്തങ്ങൾ ഉണ്ടായിരിക്കും. എന്നാൽ മത്തായി 24:22 അനുസരിച്ച്, എതിർക്രിസ്തു വിശുദ്ധസ്ഥലത്തിൽ ശൂന്യമാക്കുന്ന മ്ലേച്ഛത ഉയർത്തിയതിനുശേഷം മാത്രം ആരംഭിക്കുന്ന മഹോപദ്രവം ചുരുങ്ങിയ ഒരു കാലത്തേക്ക് പരിമിതപ്പെട്ടിരിക്കും.

**മഹോപദ്രവം സംഭവിക്കുമ്പോൾ നിങ്ങൾ എവിടെയായിരിക്കും?** "ഞാൻ സ്വർഗീയ ജനത്തിനിടയിൽ ഉള്ളിടത്തോളം, എനിക്കൊരു കുഴപ്പവുമില്ല" എന്നു പറയരുത്. ദൈവത്തിന്റെ സ്വർഗീയജനമെന്ന നിലയിൽ യിസ്രായേല്യരുടെ തിരഞ്ഞെടുക്കപ്പെട്ട ശേഷിപ്പിന്മേലുള്ള

അടയാളം നമുക്കില്ല. സ്വർഗീയജനം അവിടെ ഉണ്ടായിരിക്കുവാൻ പാടില്ല, കാരണം യിസ്രായേലിന്റെ ശേഷിപ്പിനോടുകൂടെ നമ്മെ ഭൂമിയിൽ വിട്ടേയ്ക്കുവാൻ ദൈവത്തിന് ഒരു ഉദ്ദേശവുമില്ല. ദൈവത്തിന്റെ ഇംഗിതം നമ്മെ സ്വർഗത്തിലേക്ക് ഉൾപ്രാപണം ചെയ്യുന്നതാണ്. എങ്കിലും, നാം സ്വർഗത്തിലേക്ക് ഉൾപ്രാപിതരാകണമെങ്കിൽ നിറവേറപ്പെടേണ്ട ഒരു വ്യവസ്ഥ ഉണ്ട്—നാം പക്വതയുള്ളവരാകണം. യിസ്രായേല്യരുമായി ഇടപെടുന്ന ദൈവത്തിന്റെ രീതി വിശ്വാസികളുമായി ഇടപെടുന്ന അവന്റെ രീതിയിൽനിന്നും വ്യത്യസ്തമാകുന്നു. ഞാനൊരു യിസ്രായേല്യനാണെങ്കിൽ, ഞാൻ ദൈവത്തോട് നിലവിളിക്കുമ്പോൾ, അവന് എന്റെമേൽ കരുണ ഉണ്ടായിട്ട് എന്റെ നെറ്റിയിൽ ഒരു അടയാളം വയ്ക്കുമായിരുന്നു. അപ്പോൾ ഞാൻ ഉപദ്രവത്തിന്റെ സമയം കാത്തുസൂക്ഷിക്കപ്പെടും. എന്നാൽ വിശ്വാസികളെ ദൈവം മുദ്രയിടുന്നില്ല; പകരം, അവൻ അവരെ സ്വർഗത്തിലേക്ക് ഉൾപ്രാപണം ചെയ്യുന്നു. എന്നാൽ ഇതിന് അവർ പക്വത ഉള്ളവരായിരിക്കണം.

ഈ ദൂതിലുള്ള എന്റെ ഭാരം മഹോപദ്രവം എപ്പോൾ തുടങ്ങുമെന്നും, എന്താണ് അതിലേക്ക് നയിക്കുന്നതെന്നും ചൂണ്ടിക്കാണിക്കുകയാണ്. നാം കണ്ടതുപോലെ, സാത്താനെ ആകാശത്തുനിന്നും ഭൂമിയിലേക്കു എറിഞ്ഞുകളയുകയും, അഗാധകൂപം തുറക്കുവാൻ താക്കോൽ ഉണ്ടായിരിക്കുകയും, ഭൂതഗ്രസ്തരായ വെട്ടുക്കിളികളെ തുറന്നുവിടുകയും ചെയ്യും. അതേ സമയംതന്നെ, വെട്ടുക്കിളികളുടെ രാജാവായ എതിർക്രിസ്തു എന്ന മൃഗം അഗാധത്തിൽനിന്നു മോചിപ്പിക്കപ്പെടും. അപ്പോൾ വെട്ടുക്കിളികളുടെ സൈന്യം അഞ്ചു മാസം ജനത്തെ ദണ്ഡിപ്പിക്കും. ജനം മരിക്കുവാൻ ആഗ്രഹിക്കും എന്ന അളവോളം ദണ്ഡനം കടുപ്പമുള്ളതായിരിക്കും, എങ്കിലും മരണം അവരെ വിട്ട് ഓടിപ്പോകും. ഇന്ന്, മരണത്തെ ഒഴിഞ്ഞുപോകുവാൻ ജനം അന്വേഷിക്കുന്നു, എങ്കിലും മരണം അവരെ പിന്തുടരുന്നു. ആ സമയം, അവർ മരണം ആഗ്രഹിക്കുമെങ്കിലും, അത് അവരെ ഒഴിഞ്ഞുപോകും. അത് എത്ര വലിയ കഷ്ടമായിരിക്കും! എത്ര വലിയ ഉപദ്രവം! എന്നാൽ, ഇത് മഹോപദ്രവത്തിന്റെ തുടക്കമായ ഒന്നാമത്തെ കഷ്ടം മാത്രമാണ്. മറ്റേ രണ്ടു കഷ്ടങ്ങൾ വരുവാൻ പോകുന്നതേയുള്ളൂ.

അവസാനത്തെ മൂന്നു കാഹളങ്ങളുടെ മൂന്നു കഷ്ടങ്ങൾ മഹോപദ്രവത്തെ സംരചിക്കുന്നു. ഒന്നാമത്തെ കഷ്ടം അഞ്ചാമത്തെ കാഹളവും, രണ്ടാമത്തെ കഷ്ടം ആറാമത്തെ കാഹളവും, അവസാനത്തെ കഷ്ടം ഏഴാമത്തെ കാഹളത്തിന്റെ ഏഴു കലശങ്ങളും ആയിരിക്കും. മൂന്നു കഷ്ടങ്ങളെ വളരെ ഗൗരവത്തോടെ അവതരിപ്പിച്ചിരിക്കുന്നു. നാം കണ്ടതുപോലെ 8:13 പറയുന്നു, "കാഹളം ഊതുവാൻ പോകുന്ന മൂന്നു ദൂതന്മാരുടെ ശേഷിക്കുന്ന കാഹളനാദങ്ങൾ നിമിത്തം ഭൂമിയിൽ

വസിക്കുന്നവർക്ക് കഷ്ടം, കഷ്ടം, കഷ്ടം!" വെളിപ്പാട് 9:12 പറയുന്നു, "ഒന്നാമത്തെ കഷ്ടം നീങ്ങിപ്പോയി; ഇതാ, ഇവയ്ക്കു ശേഷം രണ്ടു കഷ്ടങ്ങൾ വരുന്നു." ഒടുവിൽ, അവസാനത്ത കഷ്ടത്തെ അവതരിപ്പിച്ചുകൊണ്ട് 11:14 പറയുന്നു, "രണ്ടാമത്തെ കഷ്ടം നീങ്ങിപ്പോയി; ഇതാ, മൂന്നാമത്തെ കഷ്ടം വേഗം വരുന്നു." ആറാമത്തെ മുദ്രയും ആദ്യത്തെ നാലു കാഹളങ്ങളും മഹോപദ്രവം സഹിക്കുന്നതിനു വെറുമൊരു പ്രാരംഭം മാത്രമാണ്.

ആറാമത്തെ മുദ്രയുടെയും ആദ്യത്തെ നാലു കാഹളങ്ങളുടെയും പ്രകൃത്യാതീത ദുരന്തങ്ങളോടുകൂടിയ ഈ മഹോപദ്രവം ഒരുപക്ഷേ "സർവഭൂമിയിന്മേലും വരുവാനിരിക്കുന്ന, പരീക്ഷയുടെ നാഴിക" ആയിരിക്കും (3:10). ഈ സമയത്തിൽനിന്നും ഫിലദെൽഫ്യയിലുള്ള സഭയെ കാക്കുമെന്ന് കർത്താവ് അവർക്ക് വാഗ്ദത്തം നല്കി. പരീക്ഷാകാലത്തിൽനിന്ന് നിങ്ങൾ കാക്കപ്പെടണമെങ്കിൽ, ഈ ഭൂമിയിൽനിന്നും എടുക്കപ്പെടുവാൻ നിങ്ങൾ ഒരുങ്ങിയിരിക്കണം. കർത്താവിന്റെ വരവിനെ സംബന്ധിച്ചോ വിശുദ്ധന്മാർ എടുക്കപ്പെടുന്നതിനെക്കുറിച്ചോ നാം ലാഘവത്തോടെ സംസാരിക്കരുത്. നിർമലമായ വചനമനുസരിച്ച്, ഉപദ്രവത്തിനുമുമ്പ് നാം എടുക്കപ്പെടണമെങ്കിൽ, നാം പക്വതയുള്ളവരും ഈ ഭൂമിയിൽനിന്ന് അവൻ നമ്മെ എടുക്കേണ്ടതിന് ഒരുങ്ങിയിരിക്കുന്നവരും ആയിരിക്കണം. നാം പക്വതയുള്ളവരും ഒരുങ്ങിയിരിക്കുന്നവരും ആണെങ്കിൽ, ഭൂമിയിൽ എന്തെല്ലാം സംഭവിച്ചാലും അതു നമ്മെ ബാധിക്കുകയില്ല. ഒരു രക്ഷാമാർഗം നമുക്കുള്ളതിനായി കർത്താവിനെ സ്തുതിക്കാം.